ഭരണഭാഷ മാതൃഭാഷ

# കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
# KERALA STATE BIODIVERSITY BOARD

A statutory and autonomous body, Government of Kerala

L-14, Jai Nagar, Medical College (P.O), Thiruvananthapuram – 695 011
Tele fax: 0471-2448234 | Ph: 0471-2554740
E-mail: keralabiodiversity@gmail.com | Website: www.keralabiodiversity.org

*പ്രസിദ്ധീകരണത്തിന്...............*

നം. 039/എ4/2016/കെ.എസ്.ബി.ബി. തീയതി : 18/03/2017

## സംസ്ഥാന ജൈവവൈവിധ്യ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ 2016 ലെ ജൈവവൈവിധ്യ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മികച്ച പരിസ്ഥിതി സംരക്ഷകനുള്ള പുരസ്കാരത്തിന് കൊല്ലം ജില്ലയിലെ ശ്രീ. വി.കെ. മധുസൂദനൻ അർഹനായി. മികച്ച ജൈവകർഷകനായി കാസർഗോഡ് ജില്ലയിലെ ശ്രീ അഗസ്തി പെരുമാട്ടിക്കുന്നേൽ തെരഞ്ഞെടുക്കപ്പെട്ടു. നാടൻ കന്നുകാലികളുടെ സംരക്ഷകനായി തൃശ്ശൂർ ജില്ലയിലെ ശ്രീ. ഹരിഹരി അയ്യരും, നാടൻ വിളയിനങ്ങളുടെ സംരക്ഷകനായി വയനാട് ജില്ലയിലെ ശ്രീ. ഷാജി എൻ എം, ഉം, നാട്ടറിവുകളുടെ സംരക്ഷകനായി തിരുവനന്തപുരം ജില്ലയിലെ ശ്രീ. പി. അപ്പുകുട്ടൻ കാണി വൈദ്യരും അർഹരായി. അമ്പതിനായിരം രൂപ, ഫലകം, പ്രശസ്തിപത്രം എന്നിവയാണ് ഓരോരുത്തർക്കും സമ്മാനിക്കുക.

വിദ്യാലയങ്ങളിൽ; ഹൈസ്കൂൾ / ഹയർ സെക്കണ്ടറി വിഭാഗത്തിൽ മലപ്പുറം ജില്ലയിലെ കെ എച്ച് എം എച്ച് എസ് എസ് വാളക്കുളം സ്കൂളും, ആലപ്പുഴ ജില്ലയിലെ വി.വി.എച്ച് എസ് എസ്, താമരക്കുളം സ്കൂളും അവാർഡിന് അർഹരായി. ഇരുപത്തി അയ്യായിരം രൂപയും ഫലകവും, പ്രശസ്തി പത്രവുമാണ് ലഭിക്കുക.

കോളേജു വിഭാഗത്തിൽ പാലക്കാട് ജില്ലയിലെ ചിറ്റൂർ ഗവൺമെന്റ് കോളേജ് അവാർഡിന് അർഹരായി . അമ്പതിനായിരം രൂപ, ഫലകവും, പ്രശസ്തി പത്രവുമാണ് ലഭിക്കുക.

ജൈവവൈവിധ്യ സംരക്ഷണ രംഗത്തെ മികച്ച സംഘടനയ്ക്കുള്ള പുരസ്കാരം കണ്ണൂർ ജില്ലയിലെ കേരളാ ഇൻഷ്യേറ്റീവ് ടു സേവ് അഗ്രികൾച്ചറൽ & നേച്ചർ (KISAN) -നെ തെരഞ്ഞെടുത്തു. അമ്പതിനായിരം രൂപ, ഫലകം, പ്രശസ്തി പത്രം എന്നിവയാണ് സമ്മാനിക്കുക.

മികച്ച ജൈവവൈവിധ്യ ഗവേഷകനുള്ള പുരസ്കാരത്തിന് സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. കെ.കെ ജോഷി അർഹനായി. അമ്പതിനായിരം രൂപയും, ഫലകവും പ്രശസ്തിപത്രവുമാണ് അവാർഡായി ലഭിക്കുക.

മികച്ച ജൈവവൈവിധ്യ ഡോക്യുമെന്ററിക്ക് ജീവൻ ടി.വി. ഡെപ്യൂട്ടി ന്യൂസ് എഡിറ്റർ ശ്രീമതി സുബിതാ സുകുമാർ അർഹയായി. അമ്പതിനായിരം രൂപയും, ഫലകവും പ്രശസ്തിപത്രവുമാണ് അവാർഡായി ലഭിക്കുക

മികച്ച ജൈവവൈവിധ്യ മാധ്യമ പ്രവർത്തകനായി കണ്ണൂർ ജില്ലയിലെ ശ്രീ ഇ. ഉണ്ണിക്കൃഷ്ണൻ അർഹനായി. അമ്പതിനായിരം രൂപയും, ഫലകവും പ്രശ്സ്തിപത്രവുമാണ് അവാർഡായി ലഭിക്കുക.

18/03/17

ഡോ. ദിനേശൻ ചെറുവാട്ട്
മെമ്പർസെക്രട്ടറി